# Malayala Manorama
# 29 August 2018
# After Flood, Rahul Gandhi

## ഒപ്പമുണ്ടെന്ന് രാഹുൽ

മനോരമ ലേഖകർ

പ്രളയ മേഖലകളിൽ ദുരിതബാധിതരെ ആശ്വസിപ്പിച്ചും ഒപ്പമുണ്ടെന്ന് ഉറപ്പു നൽകിയും കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധി. ആലപ്പുഴ, പത്തനംതിട്ട, എറണാകുളം ജില്ലകളിലായി ദുരിതാശ്വാസ ക്യാംപുകളും തകർന്ന വീടുകളും രാഹുൽ സന്ദർശിച്ചു.

വിദേശപര്യടനത്തിലായിരുന്ന രാഹുൽ ലണ്ടനിൽനിന്ന് രാവിലെ എട്ടുമണിയോടെയാണു തിരുവനന്തപുരത്തെത്തിയത്. മുതിർന്ന നേതാക്കൾ സ്വീകരിച്ചു.

കേരളത്തിന് കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കാൻ ഇടപെടണമെന്ന് രാഹുലിനോട് ആവശ്യപ്പെട്ട നേതാക്കൾ, കെപിസിസിയുടെ നേതൃത്വത്തിൽ നിർമിക്കുന്ന 1000 വീടുകൾക്ക് ആവശ്യമായ സഹായം വിവിധ സംസ്ഥാനങ്ങളിലെ പിസിസികൾ വഴി ലഭ്യമാക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്തു.

തിരുവനന്തപുരത്തുനിന്നു ഹെലിക്കോപ്റ്ററിൽ ചെങ്ങന്നൂരിലെത്തിയ രാഹുൽ ക്രിസ്ത്യൻ കോളജിലെയും ഐഎച്ച്ആർഡി എൻജിനീയറിങ് കോളജിലെയും ക്യാംപുകളിലെത്തി അന്തേവാസികളുമായി സംസാരിച്ചു. ഇടനാട്ടിലും ഒരു ക്യാംപ് സന്ദർശിച്ചു.

ആറന്മുള എഴിക്കാട് കോളനിയിൽ പ്രളയത്തിൽ തകർന്ന വീടുകൾ നടന്നു കണ്ടു. പ്രളയത്തിൽ അകപ്പെട്ടുപോയ നൂറോളം പേരെ രക്ഷപ്പെടുത്തിയ മൽസ്യത്തൊഴിലാളി കെ.പി.രഘുനാഥന്റെ വീട്ടിലും അൽപനേരം ചെലവിട്ടു. നേരത്തേ നിശ്ചയിച്ച പരിപാടിയിൽ മാറ്റം വരുത്തിയാണ് എഴിക്കാട് കോളനി സന്ദർശിച്ചത്.

അതിനുശേഷം കോളനിയിലെ നൂറിലധികം കിണറുകൾ യൂത്ത് കോൺഗ്രസ്-കോൺഗ്രസ് പ്രവർത്തകർ ശുചീകരിക്കാൻ തുടങ്ങി.

രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളെ പാതിരപ്പള്ളിയിൽ രാഹുൽ ആദരിച്ചു. തുടർന്ന് ആലപ്പുഴ ലിയോ തേർട്ടീൻത് സ്കൂളിലെ ക്യാംപ് സന്ദർശിച്ചു.

ഉച്ചയ്ക്കു ശേഷം, ചാലക്കുടിയിൽ വിആർ പുരം അംബേദ്കർ സാംസ്കാരിക നിലയത്തിലും എറണാകുളത്തെ ക്യാംപുകളിലും അദ്ദേഹം ദുരിതബാധിതരെ സന്ദർശിച്ചു.

### ജൈസലിനെ പുണർന്ന് രാഹുൽ

മത്സ്യത്തൊഴിലാളികളെ ആദരിക്കുന്ന ചടങ്ങിൽ രാഹുൽ ഗാന്ധിയുടെ സ്നേഹം പിടിച്ചുപറ്റി ജൈസൽ. രക്ഷാ പ്രവർത്തനത്തിനിടെ ഡിങ്കിബോട്ടിന്റെ ഉയരം കാരണം കയറാൻ സാധിക്കാതെ പോയ സ്ത്രീകൾക്കായി പടിയായി കിടന്നു കൊടുത്ത താനൂർ സ്വദേശി ജൈസലിന്റെ വിഡിയോ സമൂഹമാധ്യമങ്ങളിലടക്കം തരംഗമായിരുന്നു.

ആദരത്തിനായി ആദ്യം വിളിച്ചതു ജെയ്സലിനെയായിരുന്നു. ഈ സമയം ജെയ്സലിന്റെ വിഡിയോ പശ്ചാത്തലത്തിൽ നിറഞ്ഞു നിന്നു. തന്റെ അടുത്തേക്കെത്തിയ ജൈസലിനെ കെട്ടിപ്പിടിച്ചാണു രാഹുൽ സ്നേഹം പങ്കുവച്ചത്. തുടർന്നു ഓരോ ജില്ലകളേയും പ്രതിനിധീകരിച്ചു എട്ടു പേരും ആദരം ഏറ്റുവാങ്ങി. രക്ഷാ പ്രവർത്തനത്തിനിടെ പരുക്കേറ്റ് ഇപ്പോഴും ആശുപത്രിയിൽ കഴിയുന്ന രതകുമാർ, കിരൺകുമാർ, സ്റ്റാലിൻ എന്നിവരുടെ ബന്ധുക്കളും ആദരവ് ഏറ്റുവാങ്ങാനെത്തിയിരുന്നു. വേദിയിലുണ്ടായിരുന്ന കെ.സി. വേണുഗോപാൽ എംപി രാഹുൽ ഗാന്ധിക്ക് ഇവരുടെ ആശുപത്രി വിവരങ്ങൾ വിശദീകരിച്ചു നൽകി. കുടുംബാംഗങ്ങളെ രാഹുൽ ഗാന്ധി ആശ്വസിപ്പിച്ചു.

"കേരളത്തിന്റെ ഇപ്പോഴത്തെ ചിത്രം പാർലമെന്റിൽ അവതരിപ്പിക്കും. ഇത്തരം ദുരിത സാഹചര്യങ്ങളിൽ സംസ്ഥാനത്തിന് അർഹമായ മുഴുവൻ സഹായവും ലഭിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തും. നിങ്ങളിൽ പലർക്കും വീടും ബന്ധുക്കളും സമ്പാദ്യവുമില്ല. വീടു നഷ്ടമായ 1000 പേർക്കു വീടു നിർമിക്കുന്ന പദ്ധതിക്കു കോൺഗ്രസ് തുടക്കമിടുകയാണ്.

ഈ പ്രതിസന്ധിയിൽ ആരും ഒറ്റയ്ക്കാണെന്ന ധാരണ വേണ്ട. രാജ്യം ഒറ്റക്കെട്ടായി കേരളത്തിനൊപ്പമുണ്ട്. കേരളത്തിലെ ഓരോ പൗരനും പ്രളയത്തോട് പ്രതികരിച്ച രീതി ഇന്ത്യക്കാരനെന്നനിലയിൽ എനിക്ക് അഭിമാനം പകരുന്നതാണ്. ജാതി, മത, വർഗ, വർണ വ്യത്യാസമില്ലാതെ പ്രളയത്തെ നേരിട്ട രീതി അഭിനന്ദനാർഹമാണ്.

ക്യാംപുകളിൽ നിൽക്കുന്ന ചെറുപ്പക്കാരായ സന്നദ്ധപ്രവർത്തകർ ഉൾപ്പെടെയുള്ളവർ മഹത്തായ സേവനമാണു നടത്തുന്നത്.

**രാഹുൽ ഗാന്ധി**